# മെട്രോയ്ക്ക് ശ്രീയായി കുടുംബശ്രീ

■ കൊച്ചി മെട്രോയുടെ എല്ലാ സേവന പ്രവർത്തനങ്ങളും കുടുംബശ്രീക്ക്; ധാരണാപത്രം കൈമാറി

കൊച്ചി: കൊച്ചി മെട്രോയുടെ എല്ലാ സേവന പ്രവർത്തനങ്ങളും കുടുംബശ്രീക്ക് നൽകാനുള്ള ധാരണാപത്രം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ ഹരികിഷോറും കൊച്ചി മെട്രോ ഡയറക്ടർ (സിസ്റ്റംസ്) പ്രവീൺ ഗോയലും തമ്മിൽ കൈമാറി. കസ്റ്റമർ സർവീസ്, ടിക്കറ്റിംഗ്, പാർക്കിംഗ്, കാറ്ററിംഗ്, ക്ലീനിംഗ് തുടങ്ങിയ എല്ലാ സേവന പ്രവർത്തനങ്ങളും കുടുംബശ്രീ ഏറ്റെടുക്കും.

കുടുംബശ്രീ സേവന മേഖലയിലേക്ക് പ്രവേശിക്കുന്നതിന്റെ ആദ്യ ചുവട് വയ്പ്പാണ് ഈ ധാരണാപത്രമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി കെ. ടി. ജലീൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. തുടക്കത്തിൽ 300 പേർക്ക് തൊഴിൽ ലഭിക്കും.

മെട്രോ പൂർണമാകുമ്പോൾ 1800 പേർക്ക് തൊഴിലുണ്ടാകും. ഉയർന്ന ജോലിക്ക് യോഗ്യതയുള്ളവർ കുടുംബശ്രീയിലില്ലെങ്കിൽ അവരുടെ കുടുംബാംഗങ്ങളെ പരിഗണിക്കും. ഭിന്നലിംഗക്കാർക്കും അവസരം നൽകും. കരാർ തുക സംബന്ധിച്ച് തീരുമാനമായിട്ടില്ല. 20ന് വിശദമായ ചർച്ച നടത്തും. കുടുംബശ്രീ ടി.വി ചാനലിന്റെ കാര്യത്തിൽ പഠനം നടക്കുന്നു. റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമേ തീരുമാനമുണ്ടാകുവെന്നും മന്ത്രി പറഞ്ഞു.



*കൊച്ചി മെട്രോ സ്റ്റേഷനുകളുടെ പരിപാലനം കുടുംബശ്രീക്കു നൽകിക്കൊണ്ടുള്ള ധാരണാപത്രം ഒപ്പിട്ടശേഷം മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിദ്ധ്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികിഷോർ മെട്രോ ഡയറക്ടർ 'സിസ്റ്റംസ്' പ്രവീൺ ഗോയലിനു കൈമാറുന്നു. മന്ത്രി കെ.ടി. ജലീൽ സമീപം*

## റെയിൽവേ സ്റ്റേഷൻ പാർക്കിംഗ് കരാർ കുടുംബശ്രീക്ക്: മന്ത്രി ജലീൽ

കൊച്ചി: മുഴുവൻ റെയിൽവേ സ്റ്റേഷനുകളിലെയും പാർക്കിംഗ് കരാർ കുടുംബശ്രീക്ക് ലഭ്യമാക്കാൻ ശ്രമിക്കുമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി കെ. ടി. ജലീൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ പാർക്കിംഗ് കരാർ കുടുംബശ്രീ വിജയകരമായി നടത്തുന്നുണ്ട്. മറ്റ് പ്രധാനപ്പെട്ട സ്റ്റേഷനുകളിലെയും പാർക്കിംഗ് കരാർ ടെൻഡറുകളില്ലാതെ ഏറ്റെടുക്കാനാണ് ശ്രമം.

വിമാനത്താവളങ്ങളുടെ ലോഞ്ച് ശുചീകരണം, പാർക്കിംഗ് എന്നിവയുടെ കരാറിനും താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ പാർക്കിംഗ് കരാർ കുടുംബശ്രീക്ക് ലഭ്യമാക്കും.